**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 231** **22-02-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻസർക്കാരിന്റെ കാലത്തെ എത്ര കോവിഡ് മരണങ്ങളാണ് ഔദ്യോഗിക ലിസ്റ്റിൽ ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (എ) | കോവിഡ് മഹാമാരിയുടെ ആദ്യഘട്ടത്തിൽ ലോകാരോഗ്യ സംഘടനയുടേയും, ഐ.സി.എം.ആർ ന്റെയും, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് കേരളത്തിൽ കോവിഡ്-19 മൂലമുള്ള മരണം റിപ്പോർട്ട് ചെയ്തിരുന്നത്. 2021 ജൂൺ മാസം മുതൽ കോവിഡ് മരണങ്ങൾ വികേന്ദ്രീകൃത ഓൺലൈൻ സംവിധാനം വഴി റിപ്പോർട്ട് ചെയ്യാൻ തുടങ്ങി. എന്നാൽ ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് മതിയായ രേഖകളുടെ അഭാവത്തിൽ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങൾ പരിശോധിച്ച് ഉൾപ്പെടുത്താൻ അതത് മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 3/9/21-ൽ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങളുണ്ടെങ്കിൽ ബന്ധുക്കൾക്ക് അപ്പീലുകൾ നൽകാൻ അവസരം നൽകി. ഇതനുസരിച്ച് അതുവരെയും മരണപ്പട്ടികയിൽ ഉൾപ്പെടാത്തവരുടെ ബന്ധുക്കൾ നൽകിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായുള്ള അഞ്ചംഗ ജില്ലാ സമിതി അപ്പീലുകൾ പരിശോധിച്ച് മരണം കോവിഡ് മൂലമാണോയെന്ന് വിലയിരുത്തി സ്ഥിരീകരിച്ച് മരണ സർട്ടിഫിക്കറ്റ് നൽകുകയും ഇപ്രകാരമുള്ള മരണങ്ങൾ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടുത്തുകയുമുണ്ടായി. 2022 ഫെബ്രുവരി 20 വരെ സംസ്ഥാനത്ത് 64,145 പേർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ഇതിൽ 3779 മരണങ്ങൾ |

| | | | |
|---|---|---|---|
| | | | ആദ്യഘട്ടത്തിൽ മതിയായ രേഖകൾ ലഭ്യമല്ലാത്തതിനാൽ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടാതെ പോയവ പിന്നീട് പരിശോധിച്ച് കൂട്ടിച്ചേർക്കപ്പെട്ടതും, 25,578 മരണങ്ങൾ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീലുകൾ പരിശോധിച്ച് കോവിഡ് മരണമായി സ്ഥിരീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടവയുമാണ്. ഇതിൽ ചില എൻട്രികൾ ഒന്നിലധികം തവണ ആവർത്തിച്ചതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത എൻട്രികൾ പുനഃപരിശോധിക്കുന്നതിനും അങ്ങനെയുള്ളവ നീക്കം ചെയ്യുന്നതിനും ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. തിരുവനന്തപുരം - 7929 കൊല്ലം - 6058 പത്തനംതിട്ട - 2321 ആലപ്പുഴ - 4993 കോട്ടയം - 4140 ഇടുക്കി - 1336 എറണാകുളം - 7198 തൃശ്ശൂർ - 6920 പാലക്കാട് - 5398 മലപ്പുറം - 5517 കോഴിക്കോട് - 5938 വയനാട് - 900 കണ്ണൂർ - 4214 കാസർഗോഡ് - 1283 |

സെക്ഷൻ ഓഫീസർ